# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 185

04.05.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ കോർബാങ്കിംഗ്

**ചോദ്യം**

ശ്രീ. ജി.എസ്.ജയലാൽ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.കെ. രാജൻ
" എൽദോ എബ്രഹാം

എ) പ്രാഥമിക സഹകരണസംഘങ്ങൾ ജില്ലാ സഹകരണബാങ്കുമായി കോർബാങ്കിംഗ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

ബി) കോർബാങ്കിംഗ് പൂർത്തിയാക്കാത്തത് മൂലം കാർഷിക വായ്പകൾ നൽകുന്നതിൽ പ്രാഥമിക സഹകരണ ബാങ്കുകൾ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഇല്ല. പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ആകെ വിതരണം ചെയ്യുന്ന വായ്പയുടെ 40 ശതമാനം നബാർഡ് പുനർ വായ്പയായി നൽകുന്നു. ബാക്കി തുക സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കുന്നു. കർഷകർക്ക് നൽകുന്ന കാർഷിക വായ്പ റുപേ കിസാൻ കാർഡുമായി ബന്ധിപ്പിച്ച് വിതരണം 31.03.2017 നകം ഏർപ്പെടുത്തണമെന്നും നബാർഡ് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും, കോർബാങ്കിംഗ് സംവിധാനത്തിൻ കീഴിൽ വന്നിട്ടുണ്ട്. എന്നാൽ റുപേ കിസാൻ ഡെബിറ്റ് കാർഡ് വിതരണം പൂർണ്ണമായ തോതിൽ നടന്നിട്ടില്ല.

ഭാവിയിൽ ഇത് കാർഷിക വായ്പാ വിതരണത്തെ ബാധിക്കാതിരിക്കാൻ റുപേ കിസാൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**